## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3062** **10.12.2018- ൽ മറുപടിക്ക്**

**നാഷണൽ ഹൈവേ വികസനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാഷണൽ ഹൈവേ വികസനത്തിനായി എത്രകോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | 2016-17 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ 1262 കോടി രൂപയുടെ ദേശീയപാത വികസന പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നു. അതിൽ പ്ലാൻ ഫണ്ടിൽ 743 കോടി രൂപയ്ക്ക് അനുമതി നൽകി ഇതിൽ എൻ.എച്ച് 213 (എൻ.എച്ച് 966), എൻ.എച്ച് 49 (എൻ.എച്ച് 85)ലെ 2 ഇ.പി.സി പ്രവൃത്തികളും ഉൾപ്പെടുന്നു. ഇവയുടെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ എൻ.എച്ച് 47, 17 & 213 (എൻ.എച്ച് 66 & എൻ.എച്ച് 966) എന്നീ ദേശീയ പാതകളുടെ 94.43 കി.മി ഉപരിതലം പുതുക്കുന്നതിനായി 100 കോടി രൂപയുടെ 6 പദ്ധതികളും നോൺ പ്ലാനിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചു. ഇവയിൽ 5 പ്രവൃത്തികൾ പൂർത്തീകരിക്കുകയും, 1 പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു. നോൺ പ്ലാനിൽ ഓർഡിനറി റിപ്പയേഴ്സിനായി 8.53 കോടി രൂപയും ഫ്ലഡ് ഡാമേജ് റിപ്പയേഴ്സിനായി 2.088 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ട്.<br><br>2017-18 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ 478 കോടി രൂപയുടെ ദേശീയപാതാ വികസന പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ പ്ലാൻ ഫണ്ടിൽ 473 കോടി രൂപയ്ക്ക് അനുമതി ലഭിച്ചു. പുതിയ ദേശീയപാതയുടെ ഡി.പി.ആർ തയ്യാറാക്കാനും എൻ.എച്ച് 220 (പുതിയ എൻ.എച്ച് 183) രണ്ടുവരിപ്പാതയായി വികസിപ്പിക്കാനും എൻ.എച്ച് 183 എ, എൻ.എച്ച് 213, എൻ.എച്ച് 185, എൻ.എച്ച് 49, എൻ.എച്ച് 212, എൻ.എച്ച് 47എ, എൻ.എച്ച് 220 എന്നിവയുടെ പുനരുദ്ധാരണം നടത്തുന്നതിനായും എൻ.എച്ച് 49-ലെ പെരുമറ്റം പാലം നന്നാക്കുന്നതിനുമാണ് തുക ലഭിച്ചത്. നോൺ പ്ലാനിൽ |

ഓർഡിനറി റിപ്പയേഴ്സിനായി 11.75 കോടി രൂപയും ഫ്ലഡ് ഡാമേജ് റിപ്പയേഴ്സിനായി 2.96 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ 206.85 കോടി രൂപയുടെ ദേശീയപാതാ വികസന പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ നോൺ പ്ലാനിൽ ഉൾപ്പെടുത്തി പീരിയോഡിക്കൽ റിന്യൂവലിനായി 74.5 കോടി രൂപയുടെ പദ്ധതികളുടെ പട്ടികയ്ക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ച് വരികയാണ്. കേന്ദ്ര മന്ത്രാലയത്തിന്റെ സാങ്കേതികാനുമതി ലഭിച്ചാലുടൻ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. നോൺ പ്ലാനിൽ ഓർഡിനറി റിപ്പയേഴ്സിനായി 12.56 കോടി രൂപ 2018-19 സാമ്പത്തിക വർഷത്തിൽ ഇതുവരെ ലഭിച്ചിട്ടുണ്ട്. കൂടാതെ ഫ്ലഡ് ഡാമേജിന്റെ അടിയന്തര റിപ്പയറിംഗിനായി 21.4 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

S. Bindu

സെക്ഷൻ ഓഫീസർ